കേരള സർക്കാർ

സംഗ്രഹം

ധനകാര്യ വകുപ്പ് - ബഡ്ജറ്റ് വിഹിതം 2020-21 – മൻറോതുരുത്ത് ഗ്രാമ പഞ്ചായത്ത് - 2016 -17 വാർഷികപദ്ധതിയിൽ ലോകബാങ്ക് പ്രത്യേക ധനസഹായമായി ഫണ്ട് ലഭ്യമാക്കി 2017-18 സാമ്പത്തികവർഷം സമയബന്ധിതമായി പൂർത്തീകരിച്ച 3 പ്രവർത്തികളുടെ ബിൽതുക മാറിനൽകുന്നതിനായി തുക അനുവദിച്ച് ഉത്തരവാകുന്നു.

---

ധനകാര്യ (എസ്.എഫ്.. സി സെൽ - എ) വകുപ്പ്

സ.ഉ.(സാധാ) നം. 2167/2021/ധന തീയതി, തിരുവനന്തപുരം., 08 മാർച്ച് 2021

---

പരാമർശം. 1) മൻറോതുരുത്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ 10/06/2020 ലെ കത്ത്.
2) ട്രഷറി ഡയറക്ടറുടെ 20/02/2021-ലെ TRY/671/2021-E2 നമ്പർ കത്ത്.
3) സ.ഉ(സാധാ)നം.1974/2021/ധന തീയതി 03/03/2021

ഉത്തരവ്

കൊല്ലം ജില്ലയിലെ മൺറോതുരുത്ത് ഗ്രാമ പഞ്ചായത്തിന് പിന്നോക്ക പഞ്ചായത്തുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി 2016-17 വാർഷികപദ്ധതിയിൽ ലോകബാങ്ക് പ്രത്യേക ധനസഹായമായി ഫണ്ട് ലഭ്യമാക്കി 2017-18 സാമ്പത്തികവർഷം സമയബന്ധിതമായി പൂർത്തീകരിച്ച 3 പ്രവർത്തികളുടെ ബിൽ തുക 2018-19 സാമ്പത്തിക വർഷത്തെ വികസനഫണ്ടിൽ നിന്ന് മാറിനൽകുന്നതിന് ഉത്തരവായിരുന്നെങ്കിലും സോഫ്റ്റ് വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലം ട്രഷറി ക്യൂ ലിസ്റ്റിൽ ഉൾപ്പെടാത്ത ടി ബില്ലുകൾ 2018-19 സാമ്പത്തികവർഷം മാറി നൽകുവാൻ കഴിഞ്ഞിരുന്നില്ലായെന്നും ലോകബാങ്ക് പ്രത്യേക ധനസഹായ വിഹിതം വിനിയോഗിച്ച് പഞ്ചായത്തിൽ പൂർത്തിയാക്കിയ 3 പദ്ധതികളുടെ (ബഡ് സ് സ്കൂൾ എൽ.പി.എസ് നിർമ്മാണം- 2,07,932/-രൂപ, ഗവ.എൽ.പി.എസ് - ന് അടിസ്ഥാന സൗകര്യവികസനം-4,89,467/- രൂപ, ആയുർവേദ ആശുപത്രിയ്ക്ക് കോൺഫറൻസ് ഹാൾ നിർമ്മാണം - 3,37,414/- രൂപ) ബിൽ തുകയിനത്തിൽ ആകെ 10,34,813/- രൂപ സോഫ്റ്റ് വെയറിലെ സാങ്കേതിക പ്രശ്നങ്ങൾ മൂലം 2018-19 സാമ്പത്തിക വർഷത്തെ ട്രഷറി ക്യൂ ലിസ്റ്റിൽ ഉൾപ്പെടാതിരുന്നതിനാൽ കരാറുകാർക്ക് തുക മാറി നൽകുന്നതിന് സാധിച്ചിട്ടില്ലായെന്നും മൺറോതുരുത്ത് വളരെയധികം പാരിസ്ഥിതിക പ്രശ്നങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന പഞ്ചായത്തായതിനാലും ഭൂപ്രകൃതിയിലുള്ള വ്യത്യസ്തത കാരണത്താലും കരാറുകാർ പ്രവൃത്തികൾ ഏറ്റെടുക്കുന്നത് വിരളമാണ് എന്നും നിലവിലുള്ള കരാറുകാർ ഏറ്റെടുക്കുന്ന പദ്ധതികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ലഭിക്കുന്ന ബിൽ തുക ഉപയോഗിച്ചാണ് അടുത്ത പ്രവൃത്തി ഏറ്റെടുക്കുന്നതെന്നും ലോകബാങ്ക് ഫണ്ട് നിലവിൽ ഇല്ലാത്തതിനാലും ടി തുക വികസന ഫണ്ടിൽ (സാധാരണ വിഹിതം) അധികധനസഹായമായി അനുവദിക്കണമെന്നും പരാമർശം (1) പ്രകാരം മൻറോതുരുത്ത് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി

സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

2) 2018-19 സാമ്പത്തിക വർഷത്തിൽ മൺട്രോതുരുത്ത് ഗ്രാമ പഞ്ചായത്തിന് പിന്നോക്ക പഞ്ചായത്തുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തി വികസന ഫണ്ടിൽ നിന്നും തുക സർക്കാർ അനുവദിച്ചിരുന്നുവെങ്കിലും പ്രസ്തുത തുക മാറുന്നതിനുള്ള ബില്ലുകൾ ഇ-സബ്മിറ്റ് ചെയ്തതായി കാണുന്നില്ലായെന്നും അതിനാൽ തന്നെ 2018-19 സാമ്പത്തിക വർഷത്തെ ട്രഷറി ക്യൂവിൽ പ്രസ്തുത ബിൽ ഉൾപ്പെട്ടിട്ടില്ലായെന്നും പരാമർശം (2) പ്രകാരം ട്രഷറി ഡയറക്ടറും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2016-17 വാർഷിക പദ്ധതിയിൽ ലോകബാങ്ക് പ്രത്യേക ധനസഹായ വിഹിതമായി അനുവദിച്ചതും ടി ഫണ്ട് വകയിരുത്തി നടപ്പിലാക്കിയ 3 പ്രവൃത്തികൾക്ക് 2018-19 സാമ്പത്തിക വർഷത്തെ വികസനഫണ്ടിൽ നിന്ന് സോഫ്റ്റ് വെയറിലെ സാങ്കേതിക പ്രശ്നം കാരണം ട്രഷറി ക്യൂ ലിസ്റ്റിൽ ഉൾപ്പെടാത്തതിനാൽ കരാറുകാർക്ക് തുക മാറി നൽകുന്നതിന് സാധിച്ചിട്ടില്ലാത്തതുമായ **10,34,813/- രൂപ (പത്ത് ലക്ഷത്തി മുപ്പത്തി നാലായിരത്തി എണ്ണൂറ്റി പതിമൂന്ന് രൂപ മാത്രം**) 2020-21 ലെ വികസന ഫണ്ടിന്റെ സാധാരണ വിഹിതത്തിൽ (3604-00-200-86-(05)-NP) നിന്നും പരാമർശം (3) ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മൺറോതുരുത്ത് ഗ്രാമ പഞ്ചായത്തിന് (G020705) പുനഃരനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ.ബി**

**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താവ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
സെക്രട്ടറി, മൺറോതുരുത്ത് ഗ്രാമ പഞ്ചായത്ത്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ (ഡി.എ/എഫ്.എം) വകുപ്പ് (അ.ഫയൽ LSGD-DA1/327/2019-LSGD)
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ് (www.finance.kerala.gov.in)
ധനകാര്യ ( ബി.ഡബ്ല്യൂ-ജെ/ ഡെവലപ്. വിംഗ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-1697828)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ.